സ്വകാര്യ ഭൂമി ലാന്റ് അക്വിസിഷൻ മുഖേന ഏറ്റെടുക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ.എസ്.ഐ. പദ്ധതി

276 (2831) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. പദ്ധതിയിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതു സംബന്ധിച്ച് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) അത്യാഹിത സന്ദർഭത്തിൽ വിദഗ്ധ ചികിത്സാ സൗകര്യമുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന രോഗികൾക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ നിന്നും " കൺസെന്റ് " നൽകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് രോഗികൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കുമാണ് ഇ.എസ്.ഐ. സ്ഥാപനങ്ങൾ വഴി ചികിത്സ ലഭിക്കുന്നത്. നിലവിലുള്ള ഇ.എസ്.ഐ. ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഇവ ചെയ്യുന്നത്. ഇതിനായി പ്രത്യേക ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഇത്തരം അവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പാരിപ്പള്ളി ഇ.എസ്.ഐ മെഡിക്കൽ കോളേജ്

277 (2832) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചോ ; ഇല്ലെങ്കിൽ അനുമതി ലഭിക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കാനുണ്ടായ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly